പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിലെ അഴിമതി

312 (322) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് ഡയറക്ടറുടെ ശുപാർശയുടെയടിസ്ഥാനത്തിൽ പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിലെ രണ്ട് ചീഫ് എഞ്ചിനീയർമാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സസ്പെന്റ് ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് സെക്രട്ടറിയും, വിജിലൻസ് ഡയറക്ടർക്കും മുഖ്യമന്ത്രിനൽകിയ നിർദ്ദേശം എന്തായിരുന്നു ; ഇതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഇ) പൊതുമരാമത്ത് വകുപ്പ്മന്ത്രിയും, ജലവിഭവ വകുപ്പ് മന്ത്രിയും ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് മന്ത്രിയ്ക്ക് നേരിട്ടോ, അല്ലാതെയോ പരാതി നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2012-ൽ മലപ്പുറം പരപ്പനങ്ങാടി ഓവർബ്രിഡ്ജ്-കടലുണ്ടിക്കടവ് റോഡിന്റെ റബ്ബറൈസിങ് വർക്ക് കേരള കൺസ്യൂക്ഷൻ കോർപ്പറേഷൻ ടെണ്ടർ ക്ഷണിക്കാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും നൽകിയതുമായി ബന്ധപ്പെട്ട് 5-1-2015-ൽ രജിസ്റ്റർചെയ്ത VC1/15/MPM നമ്പർ വിജിലൻസ് കേസുമായി ബന്ധപ്പെട്ട് വിജിലൻസ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ ശ്രീ. പി. കെ. സതീശൻ, ജലവിഭവ വകുപ്പിലെ ചീഫ് എഞ്ചിനീയർ ശ്രീ. വി. കെ. മഹാദേവൻ എന്നിവരെ 21-7-2015-ലെ GO (Rt)No.106/2015/Vig നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർമാർ ബഹു.ആഭ്യന്തര വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ മുൻപാകെ സമർപ്പിച്ച നിവേദനങ്ങൾ പരിശോധിക്കുകയും കേസന്വേഷണം ത്വരിതപ്പെടുത്തുവാൻ വിജിലൻസ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേസിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്.

(ഇ) സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണമെന്ന ചീഫ് എഞ്ചിനീയർമാരുടെ ആവശ്യം ഉൾക്കൊള്ളന്ന പൊതുമരാമത്ത് വകുപ്പിൽനിന്നും ജലവിഭവ വകുപ്പിൽനിന്നും ലഭിച്ച ഫയലുകളിൽ കേസന്വേഷണം ത്വരിതപ്പെടുത്തുവാൻ കൈക്കൊണ്ടതീരുമാനം രേഖപ്പെടുത്തി പ്രസ്തുത ഫയലുകൾ തിരികെ നൽകിയിട്ടുണ്ട്.

വനംവകുപ്പിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ

313 (324) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ മുതൽ അസിസ്റ്റന്റ് കൺസർവേറ്റർവരെയുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ജില്ലാതല റിക്രൂട്ട്മെന്റ് നടത്തുന്ന തസ്തികകളിലെ ഒഴിവുകൾ ജില്ല തിരിച്ച വ്യക്തമാക്കുമോ ;

(സി) മേൽ തസ്തികകളിലെ ഒഴിവുകൾ എന്ന് മുതൽ നിലവിലുള്ളതാണെന്നും പ്രസ്തുത തസ്തികകളിൽ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	245
സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	21
ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ	-	2
റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ	-	25
അസിസ്റ്റന്റ് ഫോറസ്റ്റ് ഓഫീസർ	-	...

LIBRARY ARCHIVES Kerala Legislative Assembly